പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 226 — 09.03.2015 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും എതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ്<br>,, റ്റി.യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും എതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) സ്ത്രീകൾക്കും [illegible] കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളായ വേശ്യാവൃത്തി, ബാലവേല, ബാലഭിക്ഷാടനം, അവയവ കച്ചവടം, മനുഷ്യക്കടത്ത്, ലൈംഗിക ചൂഷണം എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ഇല്ലാതാക്കുന്നതിനുമായി Anti Human Trafficking Unit (AHTU) കൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. പൊതുസ്ഥലങ്ങളിലും. ജോലി സ്ഥലങ്ങളിലുംട്രെയിനുകളിലും മറ്റു വാഹനങ്ങളിലും സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകാതെ തടയുന്നതിനായി വനിതാ പോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് അവരെ ബോധവതികളാക്കുന്നതിനായി ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധസംഘടനകൾ എന്നിവയുമായി സഹകരിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. പെൺകുട്ടികളുടെ സുരക്ഷയ്ക്കായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൌരന്മാരുടെ ക്ഷേമകാര്യങ്ങൾക്കും, സംരക്ഷണത്തിനുമായി വയോജനങ്ങളെക്കൂടി ഉൾപ്പെടുത്തി വാളന്റിയർ |

കമ്മറ്റികൾ രൂപം കൊടുത്തിട്ടുണ്ട്. പ്രധാന സ്ഥലങ്ങളിലും, വാഹനങ്ങളിലും മറ്റും ചൈൽഡ് ലൈൻ 1098 വനിതാ ഹെൽപ് ലൈൻ 1091 എന്നീ ടെലഫോൺ നമ്പരുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷയ്ക്കായിട്ടുള്ള നിർഭയ പദ്ധതി പ്രാരംഭഘട്ടത്തിലാണ്. കുട്ടികൾക്കെതിരെയും മുതിർന്ന പൌരന്മാർക്കെതിരെയുമുള്ള അതിക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾക്ക് പുറമെ യഥാക്രമം POCSO Act, Senior Citizens Act എന്നിവ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് കൂടുതൽ ശാസ്ത്രീയ സമീപനങ്ങളും ശക്തമായ നടപടികളും സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി) ഫോറൻസിക് സയൻസ് ലബോറട്ടറി വഴിയും, കെമിക്കൽ എക്സാമിനേഷൻ വഴിയും മറ്റും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനുള്ള ശാസ്ത്രീയ മാർഗ്ഗം സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ